# Kerala Catholic Bishops' Council (KCBC)

Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail : deputysecretarykcbc@gmail.com, www.kcbcsite.com


All Kerala Press Release 07.12.2022

*Ref: 882KCBC/K-6/KPR/DS*

## സഭ എന്നും വികസനത്തിനൊപ്പം: കർദിനാൾ മാർ ക്ലീമിസ് ബാവ

കൊച്ചി: തുറമുഖങ്ങൾ ഉൾപ്പടെ വികസന പ്രവർത്തനങ്ങൾക്ക് ഒരിക്കലും സഭ എതിരല്ലെന്നു കെസിബിസിയുടെ പുതിയ പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെട്ട സീറോ മലങ്കര സഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ. വിഴിഞ്ഞം തുറമുഖത്തിനു നേരത്തെയും സഭ എതിരായിരുന്നില്ല. തുറമുഖം വരുന്പോൾ അവിടെ വസിക്കുന്ന ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളാണ് സഭാസംവിധാനങ്ങൾ ചൂണ്ടിക്കാട്ടിയിട്ടുള്ളത്. കേരളത്തിലെ എല്ലാ കത്തോലിക്കാ രൂപതകളും ഇത്തരം ബുദ്ധിമുട്ടുകളെ ചൂണ്ടിക്കാട്ടാനും തീരവാസികളുടെ ആവശ്യങ്ങളോടു ചേർന്നു നിൽക്കാനും തയാറായി.

വിഴിഞ്ഞത്തു സമരം ചെയ്യുന്നവരും സർക്കാരും തമ്മിലുള്ള ചർച്ചയ്ക്കു സാധ്യമല്ലാത്ത തരത്തിലുള്ള സാഹചര്യത്തിൽ അവരെ ഒരുമിച്ചുകൊണ്ടുവരുന്നതിന് ശ്രമിച്ചു. പരസ്പരം വിട്ടുവീഴ്ചകൾ നടത്തി സമവായത്തിലേക്കെത്തുന്നതിനായി. ഇനി തീരുമാനങ്ങൾ ഫലപ്രദമായി നടപ്പാക്കാൻ നടപടികൾ ഉണ്ടാവേണ്ടതുണ്ട്. തീരവാസികളുടെ പുനരധിവാസം, അതിനുള്ള മോണിട്ടറിംഗ് കമ്മിറ്റി എന്നീ കാര്യങ്ങളിൽ സമയബന്ധിതമായ സർക്കാർ ഇടപെടൽ ഉണ്ടാവണം. നിയമങ്ങൾ ആവശ്യമുള്ളിടത്ത് നിയമമുണ്ടാക്കി നടപ്പാക്കുമെന്നു പ്രതീക്ഷിക്കുന്നു. സമരത്തിൻറെ ഭാഗമായി ഉണ്ടായ കേസുകളുടെ കാര്യത്തിൽ ചർച്ചയുടെ വെളിച്ചത്തിലും നിയമങ്ങളുടെ സാധ്യത ഉപയോഗിച്ചും പരിഹാരമുണ്ടാകും. ബഫർ സോൺ ഉൾപ്പടെയുള്ള വിഷയങ്ങളിൽ സർക്കാരുമായുള്ള ചർച്ചകൾ തുടരും.

പ്രത്യാശയിലും സന്തോഷത്തിലും കൂട്ടായ ആലോചനയിലും സഭയുടെ അടിസ്ഥാന കാഴ്ചപ്പാടിലും ശുശ്രൂഷ നിർവഹിക്കാനുള്ള നിയോഗമാണ് കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ അധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ട തനിക്കും സഹശുശ്രൂഷകർക്കുമുള്ളത്. സങ്കീർണമായ കാലഘട്ടത്തിൽ കൂട്ടായ ആലോചനകളിലൂടെയും പ്രവർത്തനങ്ങളിലൂടെയും വിവിധ വിഷയങ്ങളിലുള്ള സഭയുടെ കാഴ്ചപ്പാടുകൾ പ്രതിഫലിപ്പിക്കാനാകുമെന്നാണു പ്രതീക്ഷ.

**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./
ഡയറക്ടർ, പി.ഒ.സി.


**PRESIDENT**
His Beatitude
MAR GEORGE CARDINAL ALENCHERRY
Major Archbishop of Syro Malabar Church
Mount St. Thomas P.B.No. 3110, Kakkanad
Kochi 682 030
Ph: 0484-2424768, 2424780, 2425727
Fax: 0484-2422727
E-mail: bpalencherry@yahoo.co.in

**VICE-PRESIDENT**
His Excellency
RT. REV. DR. VARGHESE CHAKKALAKAL
Bishop of Calicut
Bishop's House, Malaparamba
Kozhikode 673 009.
Ph: 0495 2370313, 2370271
Fax: 0495 2377013
E-mail: calicut_diocese@yahoo.com

**SECRETARY GENERAL**
DR. JOSEPH MAR THOMAS
Bishop of Bathery,
Catholic Bishop's House
Bathery, Dharmapitam
Wayanad 673 592.
Ph: 04936 220207, Fax: 04936 221287
E-mail: bishopbty@gmail.com

**DEPUTY SECRETARY GENERAL**
FR. JACOB G. PALACKAPPILLY
P.O.C., P.B. No. 2251
Palarivattom, Kochi-682025
Ph: 0484-2805815, 2805722
Fax: 2806214
Email: jacobgpala@gmail.com